## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2503** **14.06.2019 -ൽ മറുപടിയ്ക്ക്**

### ബേപ്പൂരിൽ വിനോദസഞ്ചാര വികസനം

ചോദ്യം
ശ്രീ.വി. കെ. സി. മമ്മത് കോയ :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ കോഴിക്കോട് ജില്ലയിലെ ബേപ്പൂരിൽ വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് ടൂറിസം വകുപ്പ് കോഴിക്കോട് ജില്ലയിലെ ബേപ്പൂരിൽ വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് പുതിയ ടൂറിസം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. |
| ബി) | പുതിയ എന്തെങ്കിലും വികസനപദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | ബി) | ടൂറിസം വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്ട് മുഖാന്തിരം ബേപ്പൂരിന്റെ സമഗ്ര ടൂറിസം വികസനസാധ്യതകൾ ലക്ഷ്യമാക്കി ഒരു കരട് കൺസപ്റ്റ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. അതിൽ ഉൾപ്പെടുന്ന അനുയോജ്യമായ ഘടകങ്ങൾക്ക് ബന്ധപ്പെട്ട സ്ഥലത്തിന്റെ ഉടമസ്ഥാവകാശമുള്ള വകുപ്പിൽ നിന്നും ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് സ്ഥലത്തിന്റെ ഉപയോഗാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടൂറിസം വികസന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ